വൈൽഡ്‌ലൈഫ് ഫോട്ടോഗ്രാഫറായ നസീർ അനുഭവിച്ച ഒരു കാടൻയാത്രയിൽനിന്ന്.

**കാടിനെ പ്രണയിക്കുവാനാണ് മഞ്ഞുകാലം വരുന്നത്.**

# മഞ്ഞുകാലത്തെ ഓർമ്മകൾ

എൻ.എ. നസീർ

മഞ്ഞുകാലത്ത് കാട്ടിലൂടെ നടക്കുമ്പോൾ പ്രകൃതിയിലെ എല്ലാ മനോഹാരിതകളെക്കുറിച്ച് ഏറെ ആഹ്ലാദത്തോടെയും വിസ്മയത്തോടെയും ഓർമ്മിക്കാറുണ്ട്. കണ്ണുകൾക്കുമുന്നിൽ ഈർപ്പമാർന്ന മഞ്ഞ് പുതഞ്ഞങ്ങനെ നിൽക്കും. ചില വേളകളിൽ അതിനിടയിലൂടെ ഒരു ചൂളകാക്കയുടെ പാട്ട് നമ്മെ തേടിഎത്തും. അപ്പോൾ മഞ്ഞിനിടയിലൂടെ കണ്ണുമിഴിച്ച് അതിനെ തേടി നടക്കും. തൊട്ടടുത്തെവിടെയോ ഇരുന്നു ആ പക്ഷിപാടുന്നുണ്ട്. പക്ഷെ, നമ്മൾക്കതിനെ കാണുവാനാകുന്നില്ലല്ലൊ? ആ മനോഹരസംഗീതത്തിന്റെ ഉറവിടം തേടി നാം മഞ്ഞിനിടയിലൂടെ നീന്തി എത്തുമ്പോൾ, ആ ഗാനം നിലയ്ക്കുന്നു. ഒരു നിമിഷം വീണ്ടും കുറച്ചപ്പുറത്തുനിന്നും കേൾക്കുകയായി. ബാല്യകാലസ്മരണകളിലെ കണ്ണുകെട്ടികളികളിലേക്ക് ആ പക്ഷി നമ്മെ കൂട്ടികൊണ്ടുപോകുന്നു.

അതെ, ചിലപ്പോഴൊക്കെ നമ്മൾക്ക് നഷ്ടപ്പെട്ട ബാല്യമെല്ലാം കാട് തിരികെ കൊണ്ടുതരും. ഒരു മഹാവൃക്ഷത്തിനു നേരെ കണ്ണുമിഴിച്ചു നിൽക്കുന്ന ഒരു കൊച്ചുകുട്ടിയായി മാറും ആ നിമിഷം നാം. ഒരു ചെറുകുരുവിയുടെ പാട്ടോ, ഒരു കുഞ്ഞുപൂമ്പാറ്റയുടെ ചിറകടിയൊക്കെ അതിനു ധാരാളം മതി.

മഞ്ഞിനിടയിലൂടെ പ്രത്യക്ഷപ്പെടുന്ന വന്യജീവികളെ നിങ്ങൾ കണ്ടിട്ടുണ്ടോ? നമ്മൾ പലപ്പോഴും അവയുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞിട്ടുണ്ടാകില്ല. നടന്നു നീങ്ങുമ്പോൾ പെട്ടെന്നായിരിക്കും അവ നമ്മുടെ ഏറേ അരികിലുണ്ടായിരുന്നു എന്ന് തിരിച്ചറിയുക.

അത്തരത്തിൽ ഒരു യാത്രയിൽ, പുലർച്ചെ പറമ്പിക്കുളത്തെ വനാന്തർഭാഗത്തെ കോട്ടാളിയിൽ നിന്നും ഞാനും സുഹൃത്ത് തോമാസും നടന്നുവരികയാണ്. എവിടെയും കന്നത്ത മൂടൽമഞ്ഞ്. തൊട്ടപ്പുറം ഉള്ള തൊന്നും കാണുവാനാകുന്നില്ല. ഞങ്ങൾ നിശബ്ദരായി. കാടിന്റെ മർമ്മരങ്ങൾക്കു കാതുകൊടുത്ത് ഒരു ധ്യാനത്തിലെന്നപോലെ ആ മഞ്ഞിലൂടെ നീങ്ങുകയാണ്. പെട്ടെന്ന് ഇടതുവശം ഒരവ്യക്തരൂപം. കുറേകൂടി അടുത്തപ്പോൾ, തൊട്ടരുകിലായി ഒരു കാട്ടുകൊമ്പൻ. തേക്കുവൃക്ഷങ്ങൾക്കിടയിൽ മഞ്ഞവനെ പൊതിഞ്ഞുനിന്നെങ്കിലും ആ കറുത്ത വർണ്ണം, ഒരു വലിയ പാറപോലെ തോന്നിച്ചു. അവന്റെ കൊമ്പുകളുടെ വർണ്ണം മഞ്ഞിൽ ലയിച്ചു ചേർന്നിരുന്നു. നിശ്ചലനായി നിലകൊണ്ട അവൻ പതുക്കെ ഞങ്ങൾക്കുനേരെ തിരിഞ്ഞു. എന്തുമനോഹരമായ കാഴ്ചയായിരുന്നു അത്. വിടർത്തിപ്പിടിച്ച ആ വലിയ ചെവികളും, ഞങ്ങൾക്കുനേരെ ഉയർത്തിപ്പിടിച്ച തുമ്പിക്കൈയും മഞ്ഞിനിടയിൽ കറുത്ത കല്ലിൽ കൊത്തിവച്ച ഒരു പ്രതിമ കണക്കെ. പിന്നെ അവൻ ഒരടി മുന്നോട്ട് വച്ചു. ഞാൻ എന്റെ ക്യാമറയുമായി നിലത്തിരുന്നു. അവനു മുന്നിൽ. എന്റെ കൂട്ടുകാരൻ പരിഭ്രമിച്ചോ ആവോ. മുന്നോട്ട് വരുവാൻ ആഞ്ഞ ആ കാട്ടുകൊമ്പൻ ഒന്നു ശങ്കിച്ചു. പിന്നെ നിശ്ചലനായി. നിലത്തിരുന്ന എന്റെ ക്യാമറകണ്ണുകളിലേക്ക് വേറൊരു ഡയ്മൺഷനിലാണ് അവൻ ഗോചരമായത്. പിന്നീടവൻ, പതുക്കെ പതുക്കെ പിന്നീട് നടന്ന് മഞ്ഞിനിടയിൽ അപ്രത്യക്ഷനായി.

ഏറെ വർഷങ്ങൾക്കു മുമ്പ് ഒരു മഞ്ഞുകാലത്താണ് ആനന്ദ് രാജിനോട് യാത്ര പറഞ്ഞു ടോപ്പ് സ്റ്റേഷനിൽ നിന്നും കൊടൈക്കനാലിലേക്ക് ബന്തറുമലയുടെ മുകളിലൂടെ തനിയെ നടന്നു പോയത്. വാൾഡനും ആരണ്യകുമൊക്കെ വായിച്ച് മനസ്സുകാടുകയറിക്കഴിഞ്ഞിരുന്നു. ചെറിയൊരു തോൾസഞ്ചി. അതിൽ ലൂക്കയുടെ കടയിൽ നിന്നും പൊതിഞ്ഞുകെട്ടിയ രണ്ടുദോശ, ഒരു പാക്കറ്റ് റൊട്ടി, കടലമുട്ടായി, ഒരു സ്ലീപിങ്ങ് ബാഗ്, ഒരു തോർത്ത് മുണ്ട്. കഴിഞ്ഞു. മൂന്നു ദിവസത്തെ യാത്രയ്ക്കു കരുതിയവയാണിത്. ആ കാട്ടുവഴിയിൽ മനുഷ്യരെ അങ്ങനെ കാണാറില്ല. അഥവാ കണ്ടാൽ വഴി

മാറിനടക്കുന്ന കഞ്ചാവു കൃഷിക്കാരോ നായാട്ടുകാരോ ആയിരിക്കും അത്. ഇക്കാരണങ്ങളാൽ ആനന്ദ് രാജ് എന്ന വൃദ്ധൻ ഏറെ ഉത്ക്കണ്ഠപ്പെട്ടിരുന്നത് ഞാനോർക്കുന്നു.

അക്കാലത്തു ബന്തറവുനു ചുറ്റുമുള്ള ചോലക്കാടിനെ 'പാമ്പാടും ചോല' എന്നാരും വിളിച്ചുകേട്ടിരുന്നില്ല. വനംവകുപ്പിന്റെ ആരും ആ ഭാഗത്തൊന്നും ഉണ്ടായിരുന്നില്ല. നായാട്ടുകാർക്കും കഞ്ചാവുകൃഷിക്കാർക്കും പരമസുഖം. മാട്ടുപെട്ടിക്കപ്പുറത്തേയ്ക്ക് ആരും ചെന്നിരുന്നില്ല. വാഹനങ്ങളും ഉണ്ടായിരുന്നില്ല. പേരിന് ഒരു ജീപ്പ് റോഡ്. എപ്പോഴും മഞ്ഞുപുതപ്പിച്ച് പ്രകൃതി ആ പ്രദേശത്തെ ഒളിപ്പിച്ചുപിടിച്ചു. തനിച്ചുള്ള ഇത്തരം യാത്രകളൊക്കെയല്ലേ നമ്മെ കാടിന്റെ ഹൃദയത്തോടടുപ്പിക്കുന്നത്.

പാത മുറിച്ചൊഴുകുന്ന തണുത്ത അരുവികൾ അവ ബന്തറുവിന്റെ നെറുകയിലെ പുൽമേട്ടിൽനിന്നും പിറന്നവയായിരുന്നു. പാതയോരങ്ങളിൽ കാട്ടുപഴങ്ങളും പൂക്കളിൽ നൃത്തം ചവിട്ടുന്ന പൂമ്പാറ്റകളുടെ സമ്പന്നതയും, ചോലപക്ഷികളുടെ ദയയില്ലായ്മയും എന്റെ കണ്ണുകൾക്കു ആനന്ദം നൽകി. ഞാൻ ആ ഏകാന്തയാത്ര ആസ്വദിച്ചു. അല്ല, അതൊരു ഏകാന്തയാത്രയല്ലായിരുന്നുവല്ലോ. എന്നോടൊപ്പം പക്ഷികളും പൂമ്പാറ്റകളും അണ്ണാറക്കണ്ണന്മാരും വൃക്ഷലതാദികളുമൊക്കെ സഹയാത്രികരായി ഉണ്ടായിരുന്നല്ലൊ. താഴെ ചോലയിൽ നിന്നുമുയർന്നുവന്ന മഞ്ഞ് എപ്പോഴോ എന്നെ പൊതിഞ്ഞു മറ്റാരും കാണാതെ ബന്തറവുനു മുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

അന്ന് സന്ധ്യയ്ക്ക് ആളൊഴിഞ്ഞ ഒരു പഴയ കെട്ടിടത്തിലാണ് അന്തിയുറങ്ങിയത്. അതിനു കതകുകളോ ജനൽപാളികളോ ഉണ്ടായിരുന്നില്ല. രണ്ടു മുറികളിലൊന്നിനു ജനാലുകളില്ലാത്ത ഉറച്ച ഭിത്തി ഉണ്ടായിരുന്നു. വിസ്തൃതമായ ഒരു ചതുപ്പിനുള്ളിൽ ആരോരുമില്ലാതെ എന്നെ പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു ആ കെട്ടിടം. വിശാലമായ ആ ചതുപ്പിലേക്കു നോക്കി ഏറേ നേരം മുൻവശത്തെ വാതിൽപടിയിൽ ഇരുന്നു. ചതുപ്പിനക്കരെയുള്ള പൈൻമരക്കാടുകൾക്കിടയിൽ നിന്നും ആദ്യം വന്നത് മഞ്ഞ് ആയിരുന്നു. തൊട്ടുപുറകിൽ ഇരുട്ടും ആയിരുന്നു. അവ മെല്ലെ മെല്ലെ കൂടി കുഴഞ്ഞു എന്നെയും ആ കെട്ടിടത്തെയും മൂടുകയായിരുന്നു. വല്ലാത്ത തണുപ്പായിരുന്നു പിന്നീട്. പളനി ഹിൽസിലെ ഏറ്റവും ഉയരമാർന്ന പ്രദേശമായിരുന്നു അത്. ഞാൻ മുറിക്കുള്ളിലേക്കു കടന്നു. കൈകാലുകൾ മരവിക്കുവാൻ തുടങ്ങിയപ്പോൾ സ്ലീപ്പിങ് ബാഗിനുള്ളിലേക്കുകയറി കണ്ണുകളടച്ചു.

പുറത്തെ കാൽപെരുമാറ്റം കേട്ടാണ് ഞെട്ടിയുണർന്നത്. നായാട്ടുകാർ ആയിരിക്കുമോ? അതൊ കഞ്ചാവുകൃഷിക്കാരൊ? കരുതിയിരുന്ന വടി കൈവശമെടുത്തു. ആയോധനകലകളുടെ പിൻബലവും കൂട്ടിനുണ്ട്. മുൻവശത്തെ വാതിലിനരുകിലേക്ക് നടന്നു. പതുക്കെ വെളിയിലേക്ക് പാളിനോക്കി. എന്തൊരു കാഴ്ചയായിരുന്നു അത്. അന്ന് പൗർണമിയായിരുന്നു. പുറത്തെ ഓരോ പുൽക്കൊടിയിലും നിലാവ് വന്നുതൊട്ടിരിക്കുന്നു. മുൻവശത്തെ ചവിട്ടുപടിക്കു തൊട്ടരുകിലായി നിലാവിൽ കുളിച്ചു വലിയ ഒരു കാട്ടുപോത്തിൽ കൂട്ടം! കുറേ എണ്ണം തറയിൽ കിടപ്പുണ്ട്. നൂറോളം എണ്ണം കാണുമായിരിക്കാം. വലിയ ഒരു കാലിച്ചന്ത പോലെ. ചിലതൊക്കെ ഒരിടത്തരം ആനയെപ്പോലുണ്ട്! അത്രയ്ക്ക് വലിപ്പമുണ്ട്. ചോലക്കാടിന്റെയും അതിലെ പുൽപ്പരപ്പിന്റെയും ശുദ്ധജലത്തിന്റെയുമൊക്കെ സമൃദ്ധിയാണ് എണ്ണകറുപ്പാർന്ന ആ അഴകുകളിൽ കാണുന്ന കരുത്ത്.

അപ്പോഴാണ് ആ പൈൻമരങ്ങൾക്കിടയിൽ നിന്നും നീണ്ട വിളി കേട്ടത്. മറ്റൊരു കൂറ്റനാണ്. അത് മെല്ലെ ചതുപ്പിലൂടെ കൂട്ടത്തിനരുകിലേക്ക് വരികയാണ്. കുറേകൂടി അടുക്കാറായപ്പോൾ ഞാനതിനെ ശ്രദ്ധിച്ചു. "ചുട്ടിമാട്" ബന്തറാവുമലയുടെയും ചോലയുടെയും രാജകലയാണ് ആ കാട്ടുപോത്ത്. അവനോളം പോന്ന മറ്റൊരു കാട്ടുപോത്തിനെ ഞാനും ആനന്ദരാജും മനോഹരനുമൊന്നും കണ്ടിട്ടില്ല. അവന്റെ മുഖത്ത് വളരെ വ്യക്തമായ ഒരു വെള്ള പാടുണ്ടായിരുന്നു. വഴിയരുകിൽ അവൻ പുല്ലുമേയുകയാണെങ്കിൽ യാതൊരു ഭയപ്പാടുമില്ലാതെ നമ്മൾക്കവനരികിലൂടെ കടന്നുപോകാം. അവൻ നമ്മെ ഗൗനിക്കില്ല. ആരേയും വിരട്ടില്ല. ജീപ്പിൽ പോകുന്നവർ അവന്റെ മുതുകിൽ കൈകൊണ്ടു തൊടുമത്രെ.

ആ കാട്ടുപോത്തിൻ കൂട്ടത്തിലേക്ക് അവന്റെ വരവ് ഒന്നു കാണേണ്ടതാണ്. കൂട്ടത്തിനരുകിലെത്തിയപ്പോൾ തല ഉയർത്തി നിലാവിനുനേരെ പിടിച്ച് നീട്ടി ഒരു വിളിവിളിച്ചു. എന്തൊരു ദീർഘമായ ശബ്ദമായിരുന്നു അത്. അപ്പോൾ നിലാവെട്ടം വീണു അവന്റെ കൊമ്പുകളും നനവാർന്ന മൂക്കും തിളങ്ങി. മറ്റുള്ള പോത്തുകൾ ഒക്കെ ഒതുങ്ങി നിന്നു. തറയിൽ കിടന്നവയൊക്കെ എഴുന്നേറ്റു മാറി. ചില കൂറ്റന്മാർ കൂട്ടത്തിൽ നിന്നും വെളിയിലേക്കു മാറി നില കൊണ്ടു. ചുട്ടിമാട് രാജകീയമായ ചുവടുകൾ വെച്ച് കൂട്ടത്തിനു നടുവിലേക്കു വന്നു. നിലാവേറ്റു അവന്റെ ദേഹത്തെ മാംസഗോളങ്ങൾ തിളങ്ങി. ചില ചെറുപെൺപോത്തുകൾ അവന്റെ ചാരെ നിൽക്കുവാൻ മത്സരിച്ചു. അപ്പോഴേക്കും മഞ്ഞ് വീണ്ടും വന്നു. ഞാൻ മുറിയിലേക്കു മടങ്ങി. പുറത്ത് ഒരു പട്ടാളം കാവൽ നിൽക്കുമ്പോൾ ഞാനാരേയാണ് ഭയപ്പെടേണ്ടത്. വീണ്ടും സ്ലീപ്പിങ് ബാഗിനുള്ളിലേക്ക് ചുരുണ്ടുകൂടി കണ്ണുകളടച്ചു.

പിന്നീടേറെ കാലം കഴിഞ്ഞ് ബന്തറവു മലയുടെ മുകളിൽ ഒരു വെടിശബ്ദം ഉയർന്നു. വീണ്ടും ആനന്ദ് രാജിനെ തേടിചെന്നപ്പോൾ ഗദ്ഗദത്തോടെ ആ വൃദ്ധൻ പറഞ്ഞു. 'ചുട്ടിമാട് ' പോയി.

ജീപ്പിലെത്തിയ നായാട്ടുകാർക്ക് വെടിയേറ്റു വീണ അവനെ വലിച്ചു ജീപ്പിൽ കയറ്റുവാനായില്ലത്രേ. ആ വലിപ്പവും കരുത്തും അവർക്ക് വഴങ്ങുന്നതായിരുന്നില്ലത്രെ. പകരം ഒരു തുടയിൽ നിന്നും കുറേ മാംസം

വാർന്നെടുത്ത് ബാക്കി അവിടെ ഉപേക്ഷിച്ചു കാട്ടുകള്ളന്മാർ കടന്നുകളയുകയായിരുന്നു എന്ന് ആനന്ദ് രാജ് പറഞ്ഞു.

ഒരു മഞ്ഞുകാലത്തായിരുന്നു മനോഹരൻ എന്നെ ആ സ്ഥലം കാണിക്കുവാൻ കൊണ്ടുപോയത്. തേയിലത്തോട്ടങ്ങൾക്കിടയിലൂടെ ഞങ്ങൾ ഒരു കൊച്ചുചോലക്കാട്ടിൽ കയറി. വന്യജീവികൾ ചവിട്ടിക്കുഴച്ചിട്ട പാതയിലൂടെ കയറ്റം കയറുമ്പോഴേയ്ക്കും മഞ്ഞുവന്നുമൂടികഴിഞ്ഞിരുന്നു ഞങ്ങളെ. മുകളിലെത്തിയപ്പോഴേക്കും മഞ്ഞും ആകാശവും ഒന്നായി തീർന്നിരുന്നു. ഒന്നും കാണുവാനാകുന്നില്ല. മുന്നോട്ട് നടന്ന എന്നെ മനോഹരൻ തടഞ്ഞു. "മുന്നിൽ വല്യപള്ളം (കൊക്ക) ആണ്. പൊടിപോലും കാണില്ല" ഞാനവിടെ നിലത്തിരുന്നു.

മുന്നിൽ കണ്ണുകെട്ടിക്കളിയുടെ മറ്റൊരു തലം ഉയരുകയാണ്. പതുക്കെ കാറ്റുവീശിയപ്പോൾ, മലഞ്ചെരുവിൽ എന്തൊക്കെയോ ചുവന്ന പൊട്ടുകൾ. താഴെ ഏതോ ഗ്രാമത്തിന്റെ ദൃശ്യങ്ങൾ....

മഞ്ഞുവന്ന് വീണ്ടും കണ്ണുകെട്ടി. ഏറെനേരം ഇരിക്കേണ്ടി വന്നില്ല. കണ്ണിലെ കെട്ടുകൾ ആരോ അഴിച്ചു മാറ്റിയപോലെ. മുന്നിൽ വിസ്തൃതമായ ഒരു താഴ്‌വര ! അങ്ങകലെ തമിഴ്നാട് ഗ്രാമങ്ങൾ. ഞാനിരിക്കുന്ന മലഞ്ചെരുവു മുഴുക്കെ പൂത്തുലഞ്ഞു നിൽക്കുന്ന 'റോടൊറെൻഡ്രോം'- പളനി ഹിൽസിലും നീലഗിരി ഹിൽസിലും കാണുന്ന കടുംചുവപ്പുനിറമാർന്ന പൂവൃക്ഷം. ഇത് നേപ്പാളിന്റെ ദേശീയ പുഷ്പം കൂടിയാണ്. 'കറുത്ത പച്ചഇലകൾക്കു മീതെ കടുംചുമപ്പാർന്ന പൂക്കൾ. ഇടതുവശം അകന്നുമാറി ബന്തെറുമുടി. പൂവൃക്ഷങ്ങൾക്കിടയിലൂടെ മഞ്ഞ് വീണ്ടും വന്നു. മഞ്ഞിനടിയിലൂടെ നാലു കടമാനുകൾ അലക്ഷ്യഭാവത്തോടെ മുകളിലേക്ക് കയറി വരുന്നു. ഒരു മലയണ്ണാൻ ചിലച്ചു. അങ്ങ് ചോലക്കാട്ടിൽ നിന്നും കരിങ്കുരങ്ങിന്റെ ശബ്ദം.

'ഈ സ്ഥലം വിൽക്കുവാനുള്ളതാണ്' പിന്നിൽ നിന്നും മനോഹരൻ പറഞ്ഞു. അന്നവിടെ ഇരുന്ന് ഒത്തിരി സ്വപ്നങ്ങൾ നെയ്തു. വാങ്ങുവാൻ പോകുന്ന ആ സ്ഥലത്തെക്കുറിച്ച്.

പിന്നീട് വീണ്ടും അങ്ങോട്ട് ചെന്നു. അവിടെ പഴയ ഒരു കെട്ടിടമുണ്ടായിരുന്നു. അതിൽ ഒരു രാവ് അന്തിയുറങ്ങിയതോടെ ആ സ്ഥലവുമായി ഒരു വല്ലാത്ത ആത്മബന്ധം ഉടലെടുത്തു. ആ രാവ് മറക്കുവാനാകില്ല. തെളിഞ്ഞ ആകാശമായിരുന്നു. നക്ഷത്രങ്ങളൊക്കെ കൈഎത്തിച്ചുപിടിക്കാം. പാതിരാവിൽ ബന്തറവുനു പിന്നിൽ നിന്നും ചന്ദ്രനുദിച്ചുയർന്നു. ആ കൊച്ചുചോലയും മലഞ്ചെരിവുകളും നിലാവിൽ മുങ്ങി. ഇടതുവശത്തെ പാറക്കരുകിൽ ഗണേശനും ( എനിക്കും, മനോഹരനും ഏറെ പരിചയമുള്ള മൂന്നാറിലെ കാട്ടുകൊമ്പൻ) അവന്റെ രണ്ടു കൂട്ടുകാരികളും മഞ്ഞിൽ കുതിർന്ന ഇളം പുല്ലുകൾ തിന്ന് രസിക്കുന്നു. ആ രാവിൽ പിന്നീടുറങ്ങിയില്ല. കണ്ണുതുറന്നുപിടിച്ച് ഒരുപാട് സ്വപ്നങ്ങൾ പിന്നെയും കണ്ടു.

കൈവശം ചേർന്ന പണമൊക്കെ പല വഴിക്കു പോയി. അടുത്ത മഞ്ഞുകാലംവരെ കാത്തിരുന്നു. അപ്പോഴേക്കും ആ സ്വപ്നലോകം മറ്റാരോ വാങ്ങിക്കഴിഞ്ഞിരുന്നു.

ഈ മഞ്ഞുകാലത്ത് വീണ്ടും അങ്ങോട്ട് പോയി. ഏഴു വർഷങ്ങൾക്കു ശേഷം. സിബിയാണ് കൂട്ടികൊണ്ടുപോയത്. ഇപ്പോൾ കൈമറിഞ്ഞ് സിബിയുടെ പരിചയക്കാരന്റെ പക്കലാണാസ്ഥലം. റൊടൊറെൻഡ്രോം മരങ്ങളൊക്കെ പൂക്കൾ വിരിച്ച് സ്വീകരിച്ചു.താഴ്‌വരയിൽ നിന്നും വീണ്ടും മഞ്ഞുവന്ന് കണ്ണുകെട്ടിക്കളിക്കായി കൂട്ടികൊണ്ടുപോയി. "അന്ന് വാങ്ങുവാൻ പറ്റാതിരുന്നതിൽ വിഷമമുണ്ടല്ലെ?" കൂട്ടുകാരി ചോദിച്ചു. വെറുതെ ചിരിച്ചുകൊണ്ട് പറഞ്ഞു" ഇപ്പോൾ സ്വപ്നത്തിൽ പോലും വാങ്ങുവാൻ പറ്റാത്ത അവസ്ഥയിലാണ്."

ഇപ്പോൾ ഗണേശനും കൂട്ടുകാരും വരാറില്ല. സിബി അവയെ തിരിച്ചുകൊണ്ടുവരുന്ന പരീക്ഷണങ്ങളിലാണ്. കുറിഞ്ഞിച്ചെടികൾക്കിടയിൽ കിടക്കുന്ന ഒഴിഞ്ഞ മദ്യകുപ്പികൾ. കാടിന്റെ ഹൃദയത്തിന്മേൽ 'കോലാഹല ടൂറിസം' നടത്തിയവരൊക്കെ സിബി ഒഴിവാക്കി കഴിഞ്ഞു.

അതെ ചില ഇടങ്ങൾ തീർക്കുന്ന ബന്ധങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നതായിതോന്നും. നമ്മെ നഷ്ടപ്പെട്ടതുകൊണ്ടോ, നമ്മൾക്ക് നഷ്ടപ്പെട്ടതുകൊണ്ടൊ ഒക്കെ...........

മഞ്ഞിനടിയിലൂടെ തിരികെ ഇറങ്ങുമ്പോൾ ഓരോ മരങ്ങളേയും വെറുതെം തൊട്ടു. വെറുതെ...

ചിലർ ജീവിതത്തിലേക്കു കടന്നുവരുന്നത് തീരെ പ്രതീക്ഷിക്കാതെയാണ്. മഞ്ഞുകാലത്ത് വീണുകിട്ടുന്ന ഒരു ചിത്രംപോലെ.... ഏറെ ആഹ്ലാദവും സ്നേഹവായ്പും അനുകമ്പയുമൊക്കെ.....

വല്ലാതെ പരിഭ്രാന്തരാക്കി പിന്നീട് മഞ്ഞിലേക്കാചിത്രം നഷ്ടപ്പെടുന്നതുപോലെ അവർ നഷ്ടപ്പെടുകയായി. മനസ്സിനെ ആർദ്രമാക്കി. അറിയാതെ വന്നണയുന്ന ഓർമ്മകളിൽ ഇത്തരം ശോകത്തിന്റെ നനവുകൾ ഒത്തിരിയുണ്ട്.

ചിലപ്പോൾ തോന്നാം പ്രണത്തിനും കാലത്തിനും എന്തൊക്കെയോ ബന്ധമുണ്ടെന്ന്. കാടിനെ പ്രണയിക്കുവാനാണ് മഞ്ഞുകാലം വരുന്നത്. പുല്ലുകളേയും പൂക്കളേയും വക്ഷങ്ങളേയുമൊക്കെ തഴുകി, കാടിന്റെ ഹൃദയത്തിനുമേൽ പ്രണയാവേശത്തോടെ മഞ്ഞ് പുതഞ്ഞങ്ങനെ നിൽക്കും. കാടപ്പോൾ നാണം കുണുങ്ങിയെപ്പോലെ നിലകൊള്ളും. വൃക്ഷങ്ങളുടെ ഇലകളൊക്കെ താഴേക്കു കൂമ്പി നിൽക്കും. അവയുടെ അഗ്രഭാഗത്തൊക്കെ മഞ്ഞുകണങ്ങൾ. അപ്പോഴായിരിക്കും ആ പക്ഷി മഞ്ഞിനിടയിലെവിടെയോ പാടുന്നത്. അതിൽ പ്രണയമുണ്ട്. വിരഹമുണ്ട്. മഞ്ഞുകാലം കഴിഞ്ഞാൽ വേനൽക്കാലമാണ് വരുന്നത്.


## വായനക്കാരുടെ പ്രതികരണങ്ങൾ

അറിയിപ്പുകൾ, അഭിപ്രായങ്ങൾ എല്ലാം എഴുതുക/വിളിക്കുക/അയക്കുക.
കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385, 9446576943
e-mail : robinkeraleeyam@gmail.com